ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"പുതിയ കാൽച്ചുവടുകൾ"

(തിരുവചന ധ്യാനം)

OCTOBER
2023

CONTENTS

- **തിരുവചന ധ്യാനം** :
  "പുതിയ കാൽച്ചുവടുകൾ ". Page - 03
- **കുറിപ്പുകൾ : "നല്ല സമയം"** Page - 26
- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ.** Page - 29

"പുതിയ കാൽച്ചുവടുകൾ "

തിരുവചന ധ്യാനം

കോവിഡ് കാലത്തു, zoom / Online പ്ലാറ്റുഫോമുകൾ നമുക്കു തുറന്നുതന്നത് പ്രാർത്ഥനയുടെയും വചന കേൾവിയുടെയും പുതിയ വഴികളായിരുന്നു. youtube കളിലെ വചന സന്ദേശങ്ങളും വചന പഠനവും നേരത്തേതന്നെ ചിര-പരിചിതമായിരുന്ന നമ്മെ വീണ്ടും അത്ഭുതപ്പെടുത്തുവാൻ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മകളും ആരാധനയും കാരണമായി.

'ദൂരെയുള്ളവരെ സമീപസ്ഥരാക്കുന്ന ശുശ്രൂഷ'യായിരുന്നു zoom പോലെ-യുള്ള online കൂട്ടായ്മകളുടെ കാതൽ. അവയുടെ നന്മയുൾക്കൊള്ളുവാൻ കഴിഞ്ഞതുകൊണ്ടുതന്നെയാണ് കോവിഡ് കാലത്തിനുശേഷവും അവ അതേപടി നിലനിർത്തുവാൻ നമുക്കു കഴിയുന്നത്. ഗുണത്തെക്കുറിച്ചുള്ള നല്ല അറിവുകൾ ദൈവത്തെ സ്തുതിക്കുവാൻ നമ്മിൽ കാരണമായിത്തീ-രട്ടെ. ഏതു വിഷയത്തിന്റെയും കാതൽ നന്മയുള്ളതാണെങ്കിൽ അതുകേൾ-ക്കുവാനും അതിൽ സന്തോഷിക്കുവാനും അവയെ സ്തോത്രത്തോടുകൂടി പ്രയോജനപ്പെടുത്തുവാൻ നമുക്കു കഴിയുമെന്ന് ഞാനും പ്രത്യാശിക്കുന്നു.

വചനകേൾവിയുടെ ജീവനും വിടുതലും കൂട്ടായ്മയുടെ സന്തോഷവും ഉണർവ്വും നമ്മിൽ വർദ്ധിക്കുവാൻ അഥവാ ആത്മീയജീവിതത്തിൽ ഒരു പടി അധികം കയറുവാൻ zoom / Online പ്ലാറ്റുഫോമുകൾ നമുക്കു ഉപകാരമായിവന്നു.

എല്ലാ കാലഘട്ടങ്ങളിലും ദൈവം തന്റെ ജനത്തെ ദൈവയിഷ്ടത്തിലേക്കും സ്വർഗ്ഗീയ അനുഭവങ്ങളിലേക്കും നടത്തുവാനായി തിരഞ്ഞെടുക്കുന്ന ചില മാർഗങ്ങളുണ്ട്. അടുത്ത പടികൾ (next steps) അഥവാ പുതിയ കാൽവയ്പു-കൾ എന്ന് നമുക്കവയെ വിളിക്കാം. ഉല്പത്തിമുതൽ നാം അത് കാണുന്നുണ്ട്. ദൈവത്തോടുള്ള മനുഷ്യന്റെ അനുസരണത്തിന്റെയും വിശ്വാസത്തിന്റെയും ആദ്യാനുഭവങ്ങളാണ് നോഹയിലും അബ്രഹാമിലും കാണുന്നത്. ദൈവത്തെ ആരാധിക്കുവാനായി അടിമവീട്ടിൽനിന്നും മോചനം വാഗ്ദത്തം ചെയ്തു-കൊണ്ടുള്ള പ്രയാണമാണ് പുറപ്പാട് പുസ്തകത്തിൽ നാം കാണുന്നത്. അവരുടെ അടുത്ത ചുവടുവയ്പ്പിനായി ദൈവം ഒരുക്കിയതു ചെങ്കടലായി-രുന്നു. യോസേഫിനുവേണ്ടിയുള്ള ദൈവത്തിന്റെ വഴികൾ ഉല്പത്തിയിലും നാം കാണുന്നു. കാരാഗ്രഹത്തിൽ കിടന്നുകൊണ്ടാണ് പുതിയ ചുവടുവയ്പ്പി-

നായി യോസേഫിനെ ദൈവം ഒരുക്കുന്നത്. ഇത്തരം പുതിയ ചുവടുകൾ അവിടെകൊണ്ടുമാത്രം അവസാനിക്കുകയല്ല മറിച്ചു, എല്ലാ കാലഘട്ടത്തിലെയും ദൈവീക നടത്തിപ്പിൽ ഇപ്പറഞ്ഞ 'ഒരു പടി അധികം കയറുവാ'നുള്ള ദൈവത്തിന്റെ ഇടപെടലുകൾ നമുക്കു കാണുവാൻ കഴിയും.

സദൃശ്യവാക്യങ്ങൾ 2:8-12
8 അവൻ ന്യായത്തിന്റെ പാതകളെ കാക്കുന്നു; തന്റെ വിശുദ്ധന്മാരുടെ വഴിയെ സൂക്ഷിക്കുന്നു.
9 അങ്ങനെ നീ നീതിയും ന്യായവും നേരും സകലസന്മാർഗ്ഗവും ഗ്രഹിക്കും.
10 ജ്ഞാനം നിന്റെ ഹൃദയത്തിൽ പ്രവേശിക്കും; പരിജ്ഞാനം നിന്റെ മനസ്സിന്നു ഇമ്പമായിരിക്കും.
11 വകതിരിവു നിന്നെ കാക്കും; വിവേകം നിന്നെ സൂക്ഷിക്കും.
12 അതു നിന്നെ ദുഷ്ടന്റെ വഴിയിൽനിന്നും വികടം പറയുന്നവരുടെ കൂട്ടത്തിൽനിന്നും വിടുവിക്കും.

ജറുസലേമിലെ സഭയ്ക്കു വന്ന പീഡനം ലോകത്തിന്റെ അറ്റത്തോളം തന്റെ സുവിശേഷം അറിയിക്കുവാനുള്ള ദൈവീക പദ്ധതിയുടെ next step (അടുത്ത പടി) ആയിരുന്നു.

ശൗൽ എന്ന പൗലോസിന്റെ വീഴ്ച കുതിരപ്പുറത്തുനിന്നും ആയിരുന്നില്ല മറിച്ചു, അറിവിന്റെയും മതത്തിന്റെയും കൊടുമുടിയിനിന്നുമായിരുന്നു. വീണതോ ദൈവകൃപയിലേക്കും. പൗലോസിന്റെ ജീവിതത്തിൽ അറിവിന്റെ അടുത്ത പടിയായിരുന്നു ദൈവത്തോടുള്ള അനുസരണം. മതത്തിന്റെ എരിവിൽനിന്നും പൗലോസിനുലഭിച്ച അടുത്ത പടിയായിരുന്നു അനന്യാസ്സിന്റെ മുൻപിൽ ഇരുന്ന സ്വസ്ഥമായ ഇരുപ്പും പ്രാർത്ഥനയും.

ഇങ്ങനെ വചനത്തിലും, ആദിമ സഭയിലും ഇന്നുവരെയും ഒരു പടി അധികം കയറുവാനുള്ള ജീവൻ നമ്മുടെമേൽ നിർബന്ധപൂർവം ദൈവം തന്റെ കൃപയാൽ നൽകിയിരിക്കുന്നു. ഈ മർമ്മത്തെ പൗലോസ് ഇപ്രകാരം വർണ്ണിക്കുന്നു.

1 കൊരിന്ത്യർ 9:16-17
16. ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!

17. ഞാൻ അതു മനഃപൂർവ്വം നടത്തുന്നു എങ്കിൽ എനിക്കു പ്രതിഫലം ഉണ്ടു; മനഃപൂർവ്വമല്ലെങ്കിലും കാര്യം എങ്കൽ ഭരമേല്പിച്ചിരിക്കുന്നു.

യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം കേൾക്കുക, അതിൽ (അവനിൽ) വിശ്വസിക്കുക എന്ന ഒരു അടിസ്ഥാനം മാത്രമല്ല ദൈവം തന്നിൽ ആഗ്രഹിക്കുന്നത് എന്ന് പൗലോസ് മനസ്സിലാക്കി. താൻ കേട്ടതും മനുഷ്യന്റെ രക്ഷക്കു കാരണമാകുന്ന ഈ സത്യസുവിശേഷം ലോകത്തിലെങ്ങും തന്നിലൂടെ പ്രസംഗിക്കപ്പെടണമെന്നു പൗലോസ്സ് ആഗ്രഹിച്ചു. അങ്ങനെ ഒരു സുവിശേഷഘോഷണമാണ് ദൈവം തനിക്കായി വച്ചിരിക്കുന്നതെന്നു പൗലോസ് എന്ന ദൈവീക മനുഷ്യൻ മനസ്സിലാക്കി. "നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു" - നിർബന്ധം എന്നത്, പൗലോസ് എന്ന തന്നെ, ആത്മീയ വളർച്ചയുടെ പടികളിലേക്കു ഉയർത്തുന്ന ദൈവത്തിന്റെ കരുണയാണ്.

റോമർ 1 : 15. അങ്ങനെ റോമയിലുള്ള നിങ്ങളോടും സുവിശേഷം അറിയിപ്പാൻ എന്നാൽ ആവോളം ഞാൻ ഒരുങ്ങിയിരിക്കുന്നു.

സ്വർഗ്ഗീയ വിളിയുടെ ശബ്ദം മനസ്സിലാക്കിയതുകൊണ്ടുമാത്രം നമുക്കു ആത്മീയപുരോഗതി കൈവരിക്കുവാൻ കഴിയുകയില്ല. മറിച്ചു, ആ സ്വർഗ്ഗീയ വിളിയോടുള്ള നമ്മുടെ സമീപനം (approach) ആണ് ആ വിളിയിലേക്കു നമ്മെ പിന്നത്തേതിൽ നയിക്കുന്നത്. ദൈവം താൻ വിളിച്ചവരെ പിന്നത്തേതിൽ എങ്ങനെ നടത്തുന്നു എന്നത് നോക്കുമ്പോൾ ഇക്കാര്യം നമുക്കു വ്യക്തമാവും.

മുകളിൽ നാം കാണുന്ന വാക്യങ്ങളിൽ പൗലോസിന് തനിക്കുണ്ടായിരുന്ന ഒരുക്കത്തെക്കുറിച്ചു നാം കാണുന്നു. അത് സുവിശേഷം അറിയിക്കുവാനുള്ള തന്റെ താല്പര്യത്തെയും സമർപ്പണത്തെയും തീരുമാനത്തെയുമാണ് കാണിക്കുന്നത്.

ദൈവത്തിനെ, തനിക്കും കുടുംബത്തിനും ആവശ്യമുണ്ടെന്ന തോന്നൽ (അഥവാ ആഗ്രഹം) ആണ് കോവിഡിനുശേഷം പലരിലും ഉണ്ടായിവന്നത്. നിർഭാഗ്യവശാൽ, തന്നെയും കുടുംബത്തെയും 'ദൈവത്തിന് ആവശ്യമുണ്ട്' എന്ന സത്യമല്ല അവർ ഗ്രഹിച്ചത്. ഒരുപക്ഷേ, ഇപ്രകാരം സ്വയത്തിൽ മാത്രം കേന്ദ്രികൃതമായി ചിന്തിക്കുകയും പ്രവൃത്തിക്കുകയും ചെയ്യുന്ന ഒരു 'സംഭവബഹുലമായ ആന്തരിക മനുഷ്യൻ' (a transformed pseudo spiritual man) നമ്മുടെയൊക്കെയുള്ളിലുണ്ടെന്നു നമ്മെത്തന്നെ ബോധ്യപ്പെടുത്താ-

നാവണം ദൈവം കോവിഡ് കാലത്തിനു അന്ത്യം കുറിച്ചപ്പോൾ ആഗ്രഹിച്ചതും.

ഇന്നും നമ്മെത്തന്നെ കാണാനും നമ്മിലുള്ള ദൈവ ആശ്രയത്തിന്റെ പൊള്ളത്തരങ്ങളെ പുറത്തുകൊണ്ടുവരുവാനും 'ഒരായിരം കോവിഡുകൾ' ദൈവം നമ്മുടെയിടയിൽ പലരൂപത്തിലും അയക്കുന്നുണ്ട്. മനം തിരിയുന്ന യഥാർത്ഥ മനുഷ്യന്റെ മാനസാന്തരത്തിനും സമർപ്പണത്തിനുമായി ദൈവം നാളുകളായി കാത്തിരിക്കുന്നതുപോലെ തോന്നുന്നു. ഈ അവസരത്തിൽ അടുത്ത കാൽവയ്പ്പിനെക്കുറിച്ചു (the next step) അവസരോചിതമായി ചിന്തിക്കുവാനും പ്രാർത്ഥിക്കുവാനും ഞാനും ആഗ്രഹിക്കുന്നു.

<u>അടുത്ത പടിയ്ക്കായുള്ള പ്രാർത്ഥനാജീവിതം</u>

പ്രാർത്ഥനാജീവിതം നമുക്കു ആവശ്യമാണെന്ന് നാമേവർക്കും അറിവുള്ളതാണ്. പ്രായോഗിക തലത്തിൽ പലരും പലപ്പോഴും തോറ്റുപോവുന്ന 'പ്രാർത്ഥന' എന്ന അതിമൂർച്ചയേറിയ ഈ ആയുധം "അടുത്ത പടി" എന്ന ഈ ഘട്ടത്തിൽ നമുക്കു ആവശ്യമാണ്. എന്നാൽ ഈ പ്രാർത്ഥന കേവലം ആവശ്യങ്ങളുടെ സമാഹാരമല്ല മറിച്ചു, വചനത്തിന്റെ കാതലുള്ളതായിരിക്കും, ദൈവനിവേശിതമായിരിക്കണം കലർപ്പില്ലാത്തതായിരിക്കണം. ഭ്രാന്തമായ ഏതൊരു ചുറ്റുപാടിനെയും സ്വർഗ്ഗീയമാക്കുവാൻ യേശുവിനെക്കുറിച്ചുള്ള സുവിശേഷത്തിനു കഴിയും. ആ സത്യസുവിശേഷം ഒരു അഗ്നിപോലെ കത്തിപ്പടരുന്നതാണ്. അത് കത്തിപ്പടരുന്നത് വ്യക്തിജീവിതങ്ങളിലേക്കും സാഹചര്യങ്ങളിലേക്കുമാണെങ്കിലും കത്തിച്ചുകളയുന്നത് ജഡത്തിന്റെയും പാപത്തിന്റെയും ശാപത്തിന്റെയും ലൗകീകതകളുടെയും നശ്വരതയുടെയും പീഡകളുടേയും അടിമത്വത്തിന്റെയും രോഗബന്ധനത്തിന്റെയും പുതപ്പുകളെയാണ്.

എവിടെയാണ് ഈ അഗ്നിജ്വാല ഇപ്പോൾ ലഭ്യമായിരിക്കുന്നത്? നമ്മുടെ ഹൃദയത്തിൽത്തന്നെ. കാരണം, നാളിതുവരെ നമ്മൾ കേട്ട യേശുക്രിസ്തുനെക്കുറിച്ചുള്ള സുവിശേഷം വചനമായി ജീവനായി നമ്മുടെയുള്ളിൽ വസിക്കുന്നു. പ്രവൃത്തിക്കുവാൻ കഴിവുള്ള ജീവന്റെ വചനത്തെ ചുമക്കുന്നവർ അഥവാ വാഹകരാണ് നാം ഓരോരുത്തരും. നമ്മൾ ഇപ്പോൾ സംസാരിക്കുന്നതു കൃപാവരങ്ങളെക്കുറിച്ചല്ല, മറിച്ചു പുത്രനായ ക്രിസ്തുവിനെക്കുറിച്ചുള്ള വചനം സംബന്ധിച്ചാണ്. എത്രയും ശക്തമായാണ് ദൈവം നമ്മളെ ഈ നിമിഷം നിറുത്തിയിരിക്കുന്നതെന്നു ചിന്തിക്കുക. വചനം ഉള്ളിൽ സമ്പാദിച്ചിരിക്കുന്നവർ യഥാർത്ഥ ഊർജ്ജ ഉറവിടങ്ങളാണ് (power source).

ഈ വചനം ഹൃദയത്തിൽനിന്നും അളവില്ലാതെ ഒഴുകണമെന്നു ഇതു നിക്ഷേപിച്ചിരിക്കുന്ന ദൈവം ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അതു പ്രസംഗരൂപേണ വേണമെന്നു ദൈവം വാശിപിടിക്കുന്നില്ല. അതായതു, ഇപ്പോൾ നമ്മുടെയുള്ളിൽ ലഭ്യമായിരിക്കുന്ന വചനം ജീവനും തേജസ്സുമുള്ളതായി നമ്മുടെതന്നെ പ്രാർത്ഥയിൽ പുറത്തുവന്നാൽ അത് ദഹിപ്പിക്കുന്ന അഗ്നിയായിമാറും.

എന്തുകൊണ്ട്ഇതു അഗ്നിയായി പുറത്തുവരുന്നില്ല? അനേകം കാരണങ്ങൾ ഇതിനുത്തരമായി ചൂണ്ടിക്കാണിക്കാമെങ്കിലും ചിലതുമാത്രം നമുക്കു ചിന്തിക്കാം.

<u>നാം കേട്ട വചനം നമ്മുടെയുള്ളിൽ വസിക്കുന്നുണ്ടെന്ന ബോധ്യം നമ്മിൽ ഇല്ലാതെയാവുന്നുണ്ടോ</u>?

നാം നാളിതുവരെ ശ്രദ്ധയോടുകൂടികേട്ട വചനം നമ്മിൽ നിക്ഷേപമായികിടക്കുന്നുവെന്ന സത്യം തിരിച്ചറിയാതെ ഓടുമ്പോൾ, അകത്തെ അഗ്നിയെ തിരിച്ചറിയുവാൻ കഴിയാത്തവണ്ണം നമ്മുടെയുള്ളം തണുത്തുപോവുന്നു.

നാം എത്രയോ പേനകൾ ഇതുവരെ വാങ്ങിയിട്ടുണ്ടാവും? അതിൽ എത്ര പേനകളാണ് വാസ്തവമായും നാം ഉപയോഗിച്ചുതീർത്തശേഷം ഉപേക്ഷിച്ചത്? അതിന്റെ എത്രയോ പതിന്മടങ്ങുകളാണ് നാം മറന്നുവച്ചും നഷ്ടപ്പെടുത്തിക്കളഞ്ഞും കൈമോശം സംഭവിച്ചത്?

അതായതു നാം ഉപയോഗിക്കുന്ന ഒരു ചെറിയ പേനയുടെ കാര്യത്തിൽ പോലും നമുക്കു വിശ്വസ്തരായിത്തീരുവാൻ കഴിഞ്ഞിട്ടില്ല. മനപ്പൂർവം ആരും ഇതുവരെ വിലകൊടുത്തുവാങ്ങിയ (സമ്മാനമായി ലഭിച്ചതോ) മനപ്പൂർവം നഷ്ടപ്പെടുത്തിക്കളഞ്ഞിട്ടുണ്ടാവില്ല. ഏതെങ്കിലും അവസരങ്ങളിൽ ചെറിയ പിഴവുകൾമൂലം അവ നഷ്ടപ്പെട്ടതാവാം. എന്നാൽ ഒന്നു ചോദിക്കട്ടെ, നമ്മിൽ എത്രപേർ നഷ്ടപ്പെട്ട പേനയ്ക്കായി കഠിനമായി പരതിയിട്ടുണ്ട്? കേവലം സെക്കൻഡുകൾ മാത്രം അല്ലേ? എന്നാൽ പണം നഷ്ടപ്പെട്ടാലോ ? അതിനായി നാം ഇരട്ടി സമയം ചിലവഴിക്കും. ചിന്തിച്ചുനോക്കുക, ഒരു പേനയ്ക്കുകൊടുത്ത വില തുച്ഛവും പണത്തിനുകൊടുത്തത് ശ്രേഷ്ഠവുമാണ്. നിർഭാഗ്യമെന്നുപറയട്ടെ, നമ്മിൽ വസിക്കുന്ന വചനത്തിനും നാം കൊടുക്കുന്ന മൂല്യം തുച്ഛമാണ്. ഇതുമനപ്പൂർവമായി സംഭവിച്ചുപോവുന്നതല്ലെങ്കിലും സംഭവിക്കുന്നത് ഇതുതന്നെയാണ്. നമ്മുടെ അകത്തെ വചനത്തിന്റെ അഗ്നി തിരിച്ചറിയാതെ നാം എങ്ങനെയാണ് അഗ്നിയാലുള്ള

ശുശ്രൂഷ ചെയ്യുന്നത്? കാരണം ഈ അഗ്നി പുറത്തേക്കുവരാതെ ശുശ്രുഷിക്കുവാൻ കഴിയുകയില്ലല്ലോ!

വചനമാകുന്ന അഗ്നിയെ നമ്മുടെഹൃദയത്തിൽനിന്നും പുറത്തേക്കുകൊണ്ടുവരിക എന്ന ശ്രമകരമായ പടിയാണ് "അടുത്ത പടിയിലെ മറ്റൊരു ഘട്ടം. ദൈവം നമ്മെ വെറുതെ നടത്തികൊണ്ടുപോവുകയല്ല മറിച്ചു, ജീവിപ്പിക്കുന്ന വചനം ഉള്ളിൽനൽകിയാണ് ഓരോ നിമിഷവും നിലനിറുത്തുന്നതെന്നുള്ള സത്യം തിരിച്ചറിയുമ്പോൾ നാം അല്പമെങ്കിലും ആ നിക്ഷേപത്തെക്കുറിച്ചു ബോധവാന്മാരാവും.

നിക്ഷേപത്തെതൊടാതെ ചിലവുകൾ നടത്തുന്ന ഈ ലോകത്തിന്റെ അതിബുദ്ധിമാന്മാരെപ്പോലെ വചനത്തിന്റെ കാര്യത്തിൽ നാം ആവരുത്. കാരണം വചനമെന്ന ഈ നിക്ഷേപം ഉപയോഗിക്കുംതോറും വർദ്ധിക്കും. ക്രിസ്തുവിലെ ഒരു മർമ്മം അതു ഭൂമിയിലെ ചിന്തകളിൽനിന്നും വിഭിന്നമാണ്. വചനമുൾപ്പടെയുള്ള സകല സ്വർഗ്ഗീയ സന്മകളും അനുഗ്രഹങ്ങളും കൃപാവരങ്ങളും പങ്കുവയ്ക്കുംതോറും (ഉപയോഗിക്കുംതോറും) വർദ്ധിക്കുന്നതാണ്. കാരണം പങ്കുവയ്ക്കൽ (fellowship) എന്ന പ്രക്രിയ ദൈവത്തിൽനിന്നും മനുഷ്യരിലേക്ക് നല്കപ്പെട്ടിട്ടുള്ളതാണ്.

വചനമെന്ന ഈ നിക്ഷേപത്തെക്കുറിച്ചു ബോധ്യം ഇല്ലാതെയായിത്തുടങ്ങുന്ന നിമിഷം നമ്മുടെ ആഗ്രഹങ്ങളും വിരലുകളും മനസ്സും ലോകത്തിലേക്ക് ചലിച്ചുതുടങ്ങും. എല്ലാ സാമൂഹികമാധ്യമങ്ങളിലും നമ്മുടെ വരവും സാന്നിധ്യവുമറിയിക്കണമെന്നുള്ള വാശിയും ഇതിന്റെ ഒരു ഭാഗംതന്നെ.

നമ്മുടെയുള്ളിലെ ഈ നിക്ഷേപം സ്വർഗ്ഗത്തിലെ നിക്ഷേപവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ചിന്തിക്കുക, സ്വർഗ്ഗത്തിലെ ദൈവം മനുഷ്യനെ സ്വർഗത്തിലേക്ക് കയറ്റിക്കൊണ്ടുപോവുന്നതു മരണശേഷം മാത്രമല്ല, ആ ബന്ധം വചനത്താലും ആത്മാവിനാലും പുത്രത്വത്താലും ഇപ്പോഴും എപ്പോഴും നിലനിർത്തിക്കൊണ്ടാണ് സ്വർഗ്ഗീയ തേജസ്സെന്ന പൂർണ്ണതയിലേക്കു നമ്മെ നടത്തുന്നത്.ആകയാൽ, സ്വർഗ്ഗത്തിലെ നിക്ഷേപത്തോടൊപ്പം ഇന്ന് നമുക്കു സൂക്ഷിക്കുവാൻ കഴിയുന്ന ഒന്നാണ് നമ്മുടെയുള്ളിൽ വസിക്കുന്ന ദൈവത്തിന്റെ വചനം.

ആകയാൽ, വചനത്തെ അഗ്നിയായി ഉൾക്കൊണ്ട് പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനാജീവിതത്തിനു ഉണർവുണ്ടാവും. ഉണർവിനായി പ്രാർത്ഥിക്കുന്നവർ ദൈവശക്തിയെ തങ്ങളിലേക്കാണ് പകരപ്പെടാൻവേണ്ടിയാണ് ആദ്യമേ പ്രാർത്ഥിക്കുന്നത്. കാരണം, അവരിൽ നിറഞ്ഞിരിക്കുന്ന വചനം പൂർണ്ണശക്തിയോടും ബഹുനിശ്ചയത്തോടും അവരിൽ പ്രകടമാകുവാനും ദൈവത്താൽ ശക്തീകരിക്കപ്പെടാനും അവർ തങ്ങളെത്തന്നെ ദൈവത്തിനുമുൻപാകെ ഏല്പിച്ചുകൊടുക്കുന്നു. ഈ ശക്തിയാൽ മാത്രമേ അവർക്കു ദേശത്തെ ദൈവത്തിനായി ജയിക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെയെങ്കിൽ, പുതിയൊരു കാൽചുവടുവയ്ക്കുവാൻ ആഗ്രഹിക്കുന്ന നമുക്കോരോരുത്തർക്കും വചനമെന്ന നിക്ഷേപത്തെയും അഗ്നിയേയും എത്രയധികമായി ഉപയോഗിക്കേണം !

<u>ലഭിച്ച വചനം ശുശ്രൂഷകൾക്കും/പ്രബോധനത്തിനും മാത്രമായി ഉപയോഗിക്കപ്പെടുന്നുവോ?</u>

എബ്രായർ 4:2
അവരെപ്പോലെ നാമും ഒരു സദ്വർത്തമാനം കേട്ടവർ ആകുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസമായി പരിണമിക്കായ്കകൊണ്ടു കേട്ട വചനം അവർക്കു ഉപകാരമായി വന്നില്ല.

ക്രിസ്തുവിലുള്ള വിശ്വാസത്തോടു ബന്ധിപ്പിക്കാതെ നമുക്ക് വചനകേൾവിയെ കേവലം വാക്കുകളായി ഉൾക്കൊള്ളുവാൻ കഴിയുകയില്ല. വചനം വിശ്വസിക്കുവാൻ ദൈവകൃപയാണ് ആവശ്യം. ഈ ദൈവകൃപ പ്രാപിക്കേണ്ടുന്നതും കൂട്ടായ്മയിൽ പകരപ്പെടേണ്ടുന്നതുമാണ്. കൃപയാലല്ലാതെ വചനത്തിൽ ആശ്രയം വയ്ക്കുവാനും കഴിയുകയില്ല.സത്യത്തിൽ, ക്രിസ്തുവിൽ സകലവും ഒന്നായിച്ചേരുന്നുവെന്നതുപോലെ കൃപകൂടാതെ വിശ്വാസവും, വിശ്വാസംകൂടാതെ വചനവും വ്യക്തികളിൽ രൂപാന്തരം വരുത്തുകയില്ല.

ഫിലിപ്പിയർ 1:15-18
ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു; 16 ചിലരോ നല്ല മനസ്സോടെ തന്നേ. അവർ സുവിശേഷത്തിന്റെ പ്രതിവാദത്തിന്നായിട്ടു ഞാൻ ഇവിടെ കിടക്കുന്നു എന്നു അറിഞ്ഞിട്ടു അതു സ്നേഹത്താൽ ചെയ്യുന്നു.

17 മറ്റവരോ എന്റെ ബന്ധനങ്ങളിൽ എനിക്കു ക്ലേശം വരുത്തുവാൻ
ഭാവിച്ചുകൊണ്ടു നിർമ്മലതയോടെയല്ല ശാഠ്യത്താൽ അത്രേ ക്രിസ്തുവിനെ
പ്രസംഗിക്കുന്നതു.
18 പിന്നെ എന്തു? നാട്യമായിട്ടോ പരമാർത്ഥമായിട്ടോ ഏതുവിധമായാലും
ക്രിസ്തുവിനെ അല്ലോ പ്രസംഗിക്കുന്നതു. ഇതിൽ ഞാൻ സന്തോഷിക്കുന്നു;
ഇനിയും സന്തോഷിക്കും.

വചനം ശുശ്രൂഷയ്ക്കുവേണ്ടി മാത്രം (ചിലർക്കായി മാത്രം) കല്പിക്കപ്പെട്ടിട്ടുള്ളതും ഉച്ചരിക്കപ്പെട്ടിട്ടുള്ളതും ആണെന്നുള്ള ഒരു മിഥ്യാധാരണ ഒരു ചെറിയ വിഭാഗം ആളുകളുടെയുള്ളിൽ ഇപ്പോഴും അലയടിക്കുന്നുണ്ട് എന്നതാണ് വാസ്തവം.

സത്യത്തിൽ വചനം ദൈവമക്കളിൽ മുഴങ്ങേണ്ടുന്ന ശബ്ദമാണ്. ആ മുഴക്കം ഹൃദയത്തിലും കാതുകളിലും ഒരുപോലെ സംഭവിക്കേണ്ടുന്നതുതന്നെ. ഹാസ്യരൂപത്തിലേക്കു വചനത്തെ വളച്ചൊടിക്കാതെയും താല്കാലിക ലാഭങ്ങൾക്കായി വചനത്തെ കോട്ടിക്കളയാതെയും ദൈവവചനം നമ്മിൽ ജീവനായിത്തീരേണ്ടുന്നതാണ്. അതിനാലാണ് ഇവ നമ്മുടെ ഭാഷകളിൽ എഴുതപ്പെട്ടിട്ടുള്ളതും ലോകത്തെല്ലായിടത്തും പ്രചരിപ്പിക്കപ്പെട്ടിട്ടുള്ളതും. വാസ്തവത്തിൽ വികലമായ ചിലരുടെ ചില കാഴ്ചപ്പാടുകളാണ് വചനത്തെ അകറ്റിനിറുത്തുന്നത്.

ജനം വചനം കേൾക്കുന്നതിൽ നാം സന്തോഷിക്കുന്നവരാകണം. വചനം പ്രസംഗിക്കപ്പെടുന്നതിൽ പൗലോസ് സന്തോഷിച്ചിരുന്നു.

<u>അടുത്ത കാൽവയ്പ്പിനായുള്ള അഭിഷേകവും ഉറപ്പും</u>

പഴയനിയമത്തിൽ യോശുവയുടെ പുസ്തകത്തിൽ നാം കാണുന്ന ഒരു വാക്കുണ്ട് - "ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക". (യോശുവ 1 :9). അനേക ആവർത്തി നമുക്കു ഇതേപദം യോശുവയുടെ പുസ്തകത്തിൽ കാണുവാൻ കഴിയും.ഈ വാക്യങ്ങളെക്കുറിച്ചു അനേകം വിശകലനങ്ങൾ ലഭ്യമാണെങ്കിലും 'ദൈവത്തെകൂടാതെ ഒരുപടിപോലും വയ്ക്കുവാൻ നമുക്കുസാധ്യമല്ല' - എന്ന സത്യത്തെ ഈ വചനങ്ങളിലൂടെ ഉൾകൊള്ളുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. യോശുവ ഒരു യോദ്ധാവാണ്, എന്നിട്ടും ദൈവം വീണ്ടും യോശുവയെ തന്റെ വാക്കുകളാൽ ഉറപ്പിക്കണമെങ്കിൽ അത് യോശുവയിലെ ഭയം നിമിത്തമല്ല മറിച്ചു, ദൈവത്തോടുള്ള സഖിത്വം നിമിത്തമാണ്. ഒരുപക്ഷെ,

നാം ഇപ്രകാരം ഒരു യോദ്ധാവായിരുന്നുവെങ്കിൽ നമ്മുടേതായ സ്വയശക്തിയാൽ നാം നീങ്ങുമായിരുന്നു. എന്നാൽ യോഹന്നാൻ തന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ യേശുവിനു പിരിഞ്ഞു നമുക്കു യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല.

സദൃശ്യവാക്യങ്ങൾ 5:9
നിന്റെ യൌവനശക്തി അന്യന്മാർക്കും നിന്റെ ആണ്ടുകൾ ക്രൂരന്നും കൊടുക്കരുതു.

ഗദരദേശത്തെ ഭൂതഗ്രസ്തനായ മനുഷ്യനെ നാം ലൂക്കോസ് 8:26-39 ൽ കാണുന്നുണ്ട്. എന്നാൽ ആ ഭൂതഗ്രസ്തനിലും ഭ്രാന്തമായ ശക്തിയാണ് ഗദര ദേശത്തെയും അവിടെയുള്ള ജീവിതങ്ങളെയും അടക്കിഭരിച്ചിരുന്നത്. ആ വാഴ്ചയുടെ അവസാനം യേശു ആ ദേശത്തു കാലെടുത്തുവച്ച സമയത്തുതന്നെ സംഭവിച്ചു. നാളേക്കായി ആ വിടുതൽ യേശു മാറ്റിവച്ചില്ല. യേശുവിനു ഈ ഭൂമിയിൽ ചെയ്തുതീർക്കുവാനുള്ള ശുശ്രൂഷയെക്കുറിച്ചു ബോദ്ധ്യം ഉണ്ടായിരുന്നു. നമുക്കും ആ ശ്രേഷ്ഠമേറിയ വേല ചെയ്യുവാൻ അനേകം സ്വർഗ്ഗീയബോധ്യങ്ങൾ ഇന്നും ആവശ്യമാണ്. ഒരു വ്യക്തിയിലൂടെ ആ ദേശത്തിന്റെ സകല ഇരുട്ടുകളെയും യേശു നാമാവശേഷമാക്കിക്കളഞ്ഞു. സ്വർഗ്ഗീയബോധ്യങ്ങൾ നമ്മുടെ സമയത്തെ അനുഗ്രഹമായി ഉപയോഗിക്കുവാൻ നമ്മെ സഹായിക്കും, അനാവശ്യമായ ചിന്തകൾ നമ്മിൽ വേരുപിടിക്കാതെ ലക്ഷ്യത്തിലേക്കു അടുക്കുവാൻ നമ്മെ ബലപ്പെടുത്തും. നാം പ്രത്യക്ഷത്തിൽ പ്രാർത്ഥിച്ചു ബലപ്പെടുത്തുന്നത് ഒരുപക്ഷേ ഒരു വ്യക്തിയെയോ കുടുംബത്തെയോ ആയിരിക്കാം. എന്നാൽ അതിലൂടെ നാം പ്രകാശിപ്പിക്കുന്നത് ഇരുളടഞ്ഞ ഒരു ദേശത്തെയായിരിക്കാം. കാണുന്നത് താല്കാലികം, കാണാത്തതോ നിത്യം!

<u>ഇല്ലാതെയാവുന്ന ആത്മീയ ചലനങ്ങൾ</u>
എന്തുകൊണ്ടാണ് പലപ്പോഴും നമ്മുടെ പ്രാർത്ഥനയിൽ ആത്മീയ ചലനങ്ങൾ ഇല്ലാതെയാവുന്നത്? ഒറ്റവാക്കിൽ പറഞ്ഞാൽ ക്രിസ്തുകേന്ദ്രീകൃതമായ പ്രാർത്ഥനയുടെ അഭാവം തന്നെയാണ് അതിനുകാരണം.

1 തിമൊഥെയൊസ് 6: 6
അലംഭാവത്തോടുകൂടിയ (സംതൃപ്തിയോടുകൂടിയ) ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും.

ആത്മനിറവോടുകൂടി ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്നതായിരിക്കണം ഒരു ദൈവപൈതലിന്റെ സംതൃപ്തി എന്നു-പറയുന്നത്. ആ നിലയിലുള്ള പ്രാർത്ഥനകൾക്കു മാത്രമേ സ്വർഗ്ഗത്തിലെ ദൈവത്തിൽനിന്നും മറുപടികളെ ഭൂമിയിലേക്ക് കൊണ്ടുവരുവാൻ കഴിയുകയുള്ളൂ. യഥാർത്ഥ പ്രാർത്ഥന ഒരു പുതപ്പാണ്. അത് പുറപ്പെടുന്ന നിമിഷം, അവ പങ്കുകൊണ്ടവരിൽ അനുഭവവേദ്യമായിത്തീരേണ്ടുന്ന ഒരു സത്യമാണ്. ആ പുതപ്പ് നഗ്നതയിൽ കിടക്കുന്നവർക്കു വസ്ത്രമായിത്തീരണം തണുപ്പിൽ വിറങ്ങലിക്കുന്നവർക്കു ചൂടും ആശ്വാസവും നൽകണം. ഇപ്രകാരം പ്രാർത്ഥന ഒരു ചലനമാവുന്നില്ലെങ്കിൽ ദൈവത്തെയും ചുറ്റുപാടുകളെയും പഴിക്കാതെ ക്രിസ്തുവിലേക്കു ആത്മാവിൽ നോക്കുവാൻ നാം ശീലിക്കണം. ഇങ്ങനെ ആത്മാവിനാലുള്ള ഒരുക്കം നമ്മെ പ്രാർത്ഥനയുടെ യാഥാർത്ഥ-മൂല്യത്തിലേക്കു നയിക്കുവാൻ ഇടയാക്കും.

നാം മറ്റൊരുവനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ഈ സ്വർഗ്ഗീയ പുതപ്പ് നമ്മുടെ പ്രാർത്ഥനയാൽ ആ വ്യക്തിയെ മൂടുവാൻ നാം വാസ്തവമായും (മത്സരം കൂടാതെ) ആഗ്രഹിച്ചെങ്കിൽമാത്രമേ ആ പുതപ്പ് അവർക്കു ഉപകാരമായി വരികയുള്ളൂ. ആർക്കുവേണ്ടിപ്രാർത്ഥിക്കുന്നുവോ അവരുടെ ജീവിതത്തിൽ എന്റെ പ്രാർത്ഥനയുടെ ശബ്ദമല്ല, ദൈവത്തിന്റെ സ്പർശനമാണ് ആവശ്യമായുള്ളത് എന്ന് ഞാൻ വിശ്വസിച്ചാൽ ആ പ്രാർത്ഥനകൾക്കു മറുപടിയായി, ആ പുതപ്പിനു ഉടമയുമായി. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ, പലപ്പോഴും പ്രാർത്ഥിക്കുന്ന വ്യക്തിയുടെ മനോവിചാരങ്ങൾക്കൊത്തവണ്ണം പ്രാർത്ഥന നിരർത്ഥകമായിത്തീരുന്നു. ഈ പ്രാർത്ഥന പുതപ്പായിത്തീരുന്നതുമില്ല.

എലീശയുടെമേൽ വീണ പുതപ്പിനെക്കുറിച്ചു നമുക്കറിയാം. അത് അഭിഷേകത്തിന്റെ പുതപ്പായിരുന്നു. ആ പുതപ്പു പൂർണ്ണ ഹൃദയത്തോടുകൂടി നല്കുവാൻ ഏലിയാവ് തയ്യാറായി. അതുകൊണ്ടുതന്നെ സ്വർഗ്ഗത്തിന്റെ ഇഷ്ടത്തിനൊത്തവണ്ണം അതു പ്രാപിച്ചെടുക്കുവാൻ എലിശയ്ക്കു കഴിഞ്ഞു. ശിംശോൻ മുടിയിൽ ദൈവശക്തിസൂക്ഷിച്ചപോലെയായിരുന്നില്ല ഏലീയാവിന്റെ ദൈവശക്തി. അങ്ങനെയായിരുന്നുവെങ്കിൽ ആ പുതപ്പുനേടിയെടുക്കുവാൻ ഏലീയാവിന്റെ എല്ലാ ശിഷ്യന്മാരും (പ്രവാചകശിഷ്യന്മാർ) ആഗ്രഹിക്കുമായിരുന്നു. എന്നാൽ നാം വചനത്തിൽ വായിക്കുന്നതുപോലെ പുതപ്പിനെക്കുറിച്ചുള്ള യാതൊരു വാക്കും പ്രവാചകശിഷ്യന്മാർ സംസാരിച്ചിരുന്നില്ല. എങ്കിലും അവർ എലീശായെ വാക്കുകളാൽ പിന്തിരിപ്പിച്ചുകൊണ്ടേയിരുന്നു.

പൂർണ്ണഹൃദയത്തോടെ കൊടുക്കുകയും കൊതിയോടും ദാഹത്തോടുംകൂടെ വാങ്ങുകയും ചെയ്യുന്ന ഒരു പുതപ്പാണ് പ്രാർത്ഥന. ആ പ്രാർത്ഥനയിൽ ദൈവം പ്രസാദിക്കും.

'സ്വർഗീയ അവകാശവും അധികാരങ്ങളും ലഭിച്ച അനങ്ങാത്തവർ അഥവാ അലസർ' എന്ന വിളിപ്പേരിനായിട്ടല്ല നാം ഓടിക്കൊണ്ടിരിക്കുന്നത്. മറിച്ചു, സ്വർഗീയവിളിക്കു ഓഹരിക്കാരായുള്ളോരേ എന്ന വിളിയായിരിക്കണം നമുക്കായി എല്ലായ്പ്പോഴും മുഴങ്ങേണ്ടുന്നത്. ചലനമുള്ള പ്രാർത്ഥനകൾ നമ്മുടെ ഹൃദയത്തിലും നാവിലും ജനിക്കട്ടെ.

<u>ആത്മീയരാകാനുള്ള കുറുക്കുവഴികളും പതനവും</u>

മറ്റുള്ളവർ എന്നെക്കുറിച്ചു എന്തുവിചാരിക്കും എന്നുള്ള ജഡികചിന്തയിലും ഉൾഭയത്തിലും നാം ആത്മീയരായിത്തീരുവാൻ ശ്രമിക്കാറുണ്ട്. ഈ ശ്രമങ്ങൾ വിജയം നേടുകയില്ലെന്നുമാത്രമല്ല തകർച്ചയിലേക്കും മതത്തിന്റെ അന്ധതകളിലേക്കും അസ്വസ്ഥതകളിലേക്കും നമ്മെകൊണ്ടെത്തിച്ചേക്കാം. നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നതു ദൈവത്തിനുമുന്പിൽ വീണ്ടും കപടതയുടെ വേഷമണിയുവാൻ വേണ്ടിയിട്ടല്ല. മനുഷ്യന്റെ മുൻപിലും അഭിനയിക്കുവാനായിട്ടല്ല. ഇപ്രകാരമുള്ള വച്ചുകെട്ടലുകൾ നമ്മെ ദൈവത്തിന്റെ സ്വഭാവത്തോടു അനുരൂപരാക്കാതെ തകർച്ചയിലേക്കും നിരാശയിലേക്കും കൊണ്ടെത്തിക്കും. നമ്മുടെയുള്ളം ദൈവത്തോട് എപ്പോഴെല്ലാം ഏറ്റുപറയുവാൻ കഴിയുന്നുവോ അപ്പോഴെല്ലമാണ് നാം പിശാചിന്റെ കെണികളെ തോൽപ്പിക്കുന്നത്. സങ്കീർത്തനത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

സങ്കീർത്തനങ്ങൾ 4:3
യഹോവ ഭക്തനെ തനിക്കു വേറുതിരിച്ചിരിക്കുന്നു എന്നറിവിൻ; ഞാൻ യഹോവയെ വിളിച്ചപേക്ഷിക്കുമ്പോൾ അവൻ കേൾക്കും

സങ്കീർത്തനങ്ങൾ 25:14
യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കു ഉണ്ടാകും; അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു.

ഇപ്രകാരമാണ് ദൈവത്തോടുള്ള സഖിത്വം നാം ഓരോ നിമിഷവും ഉറപ്പിക്കുന്നത്. കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ ഇപ്രകാരം നാം ഉപയോഗിക്കുന്നുവെങ്കിൽ നടക്കേണ്ടുന്ന വഴി അവൻ ഇപ്പോഴും കാണിച്ചുതരും. അതു-

കൊണ്ടു ആത്മീയതയുടെ വേഷമണിയാനുള്ള വ്യഗ്രതയും വിഫലശ്രമങ്ങളും ഒഴിവാക്കുക, ദൈവത്തിന്റെ പരിശുദ്ധാത്മാവോടു സകല തോൽവികളും ബലഹീനതകളും ഏറ്റുപറയുക. നമ്മെ വിടുവിപ്പാനും നടത്തുവാനും ദൈവം ശക്തൻ (യഹോവ എൽ ശദ്ദായി).

ദൈവം ആഗ്രഹിക്കുന്നതുമാത്രം പൂർണ്ണതയോടെചെയ്യാൻ ശ്രമിക്കുക

മറ്റുളവരെനോക്കി ഞാൻ ഏതുമില്ല എന്ന ചിന്തയിൽ ചാടിപ്പുറപ്പെടുന്ന ധൃതികളെ നമുക്കൊന്നു മാറ്റിവയ്ക്കാം. ദൈവം നമ്മിലൂടെ ആഗ്രഹിക്കുന്നതുമാത്രം ചെയ്യുവാൻ നാമും ആഗ്രഹിച്ചാൽമതി. ആ പ്രശ്നം അവിടെ കഴിഞ്ഞു! ദൈവത്തെക്കവിഞ്ഞു ചിന്തിക്കാൻ ശ്രമിക്കുകയും നഷ്ടം വരുത്തിവയ്ക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുക.

ലൂക്കോസ് 22:50-51
50 അവരിൽ ഒരുത്തൻ മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ വലത്തെ കാതു അറുത്തു.
51 അപ്പോൾ യേശു; "ഇത്രെക്കു വിടുവിൻ "എന്നു പറഞ്ഞു അവന്റെ കാതു തൊട്ടു സൌഖ്യമാക്കി.

ഓട്ടത്തിനായി തയ്യാറെടുക്കുന്ന ഒരാളായി നമ്മെത്തന്നെ സങ്കല്പിക്കുക. ലക്ഷ്യ-ത്തിലേക്കാണ് നാം ഓടേണ്ടുന്നത്. മറ്റെല്ലാം ചുറ്റിനുണ്ടെങ്കിലും finishing point മാത്രമാണ് നമ്മുടെ ഹൃദയത്തിൽ. കൂടെയോടുവാൻ ഒരുപക്ഷേ ആളുകളുണ്ടാവാം. ഈ ഓട്ടം കാണാൻ എത്തിയ അനേകമായിരങ്ങൾ ചുറ്റിനുമുണ്ടായേക്കാം. അവരിൽ ചിലർ കയ്യടിച്ചു നമ്മെ പ്രോത്സാഹിപ്പിച്ചേക്കാം, ഒരുപക്ഷേ മറ്റുചിലർ നമ്മെ കൂക്കിവിളിച്ചു കളിയാക്കിയേക്കാം. എന്നാൽ ഇതു രണ്ടും നമുക്കു ആവശ്യമില്ല. കാരണം ഈ ആരവാരങ്ങൾക്കുവേണ്ടിയല്ല നാം ഓട്ടം തുടങ്ങിയത്. ഓട്ടത്തിന്റെ തുടക്കവും തുടർച്ചയും എത്തിച്ചേരലും, മനുഷ്യന്റെ കയ്യടികൾക്കും കൂക്കിവിളികൾക്കും വേണ്ടിയാവരുത്. കൂക്കിവിളിക്കുന്നവരും കയ്യടിക്കുന്നവരും എല്ലാനാളും അതേപ്രവൃത്തി തുടരുകയില്ല. കയ്യടിക്കുന്നവർ അവരുടെ സമയത്തെ മറ്റൊന്നിലേക്കു തിരിക്കുമ്പോൾ നാം വേദനിക്കുവാൻ പാടില്ല. കൂക്കിവിളിക്കുന്നവരുടെ ശ്രദ്ധ മറ്റൊന്നിലേക്കുമാറുമ്പോൾ സന്തോഷിക്കുകയുംവേണ്ട. ദൈവത്തിനായി ഓടിക്കൊണ്ടേയിരിക്കുക.വേഗതയുടെ അളവും ചടുലതയും കാൽവയ്പുകളും ദൈവത്താൽ ക്രമീകരിക്കപ്പെടുവാൻ നാം പരിശുദ്ധാത്മാവിലേക്കു വിട്ടുകൊടുക്കുക. ദൈവത്തോട് ആലോചന ചോദിച്ചു-

കൊണ്ട്, അലസതകൾ വെടിഞ്ഞും കഴിഞ്ഞ ചുവടുകളിലെ കുറവുകൾ നികത്തിയും വീണ്ടും മുൻപോട്ട് ഓടുക.

പ്രത്യക്ഷത്തിൽ കയ്യടികളും കൂക്കിവിളികളും നമ്മെ സ്വാധീനിക്കുന്നില്ലെന്നു ഒരുപക്ഷേ നാം പറഞ്ഞേക്കാം. എന്നാൽ, ഇസബേലിന്റെ വാക്കിനുമുന്പിൽ പതറിയപ്പോയ ഏലീയാവിനെ നാം മറക്കരുത്. അതുപോലെ യേശുവിനെ വാക്കുകളിൽ കുടുക്കുവാൻ പരീശന്മാർ ശ്രമിച്ചപ്പോൾ അവയെ മറികടന്ന യേശുവിനെ ഓർക്കുകയും വേണം. വാസ്തവത്തിൽ ക്രിസ്തുവിലുള്ള ഉൾ-ബോധ്യങ്ങൾ നമ്മെ വാടാതെ ക്ഷീണിക്കാതെ ഓടുവാൻ നമ്മെ സഹാ-യിക്കും. അങ്ങനെയുള്ളവരാണ് വാടാത്ത കിരീടം നിത്യതയിൽ പ്രാപിക്കു-ന്നത്.

കൂക്കിവിളിക്കാരെയും കയ്യടിക്കുന്നവരെയും ഒരേപോലെ ക്രിസ്തുവിൽ സ്നേഹിക്കുവാൻ നമുക്കു കഴിയണമെന്നതാണ് തിരുവചനം നമുക്കു-നൽകുന്ന പ്രബോധനം.അത് സ്വന്തശക്തിയാൽ കഴിയുകയില്ല, ദൈവകൃപ-യാലും പരിശുദ്ധാത്മാവാവിന്റെ നിറവിനാലും മാത്രമേ അതിനു കഴിയൂ. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, നമ്മുടെ ജഡം മരിച്ചു ക്രിസ്തുവിൽ നാം ഉയിർക്കണം.

<u>നാം ഹൃദയത്തിൽ എന്തു സൂക്ഷിക്കുന്നു</u> ?

എന്താണ് നാം ഹൃദയത്തിൽ സൂക്ഷിക്കുന്നത് ? ദൈവത്തോടുള്ള അതിയായ ആഗ്രഹമാണോ അതോ എങ്ങനെയെങ്കിലും ജീവിച്ചുതീർക്കണം എന്ന ആകുല ചിന്തയാണോ? ഇതിൽ രണ്ടിലും ഉൾപ്പെടാത്ത മറ്റൊരു വിഭാഗം ആളുകളുണ്ട്. നിർഭാഗ്യവശാൽ അവരാണ് ഇന്ന് ഭൂരിഭാഗവും. അത്തരം ആളുകൾ (ഒരുപക്ഷേ നാമും അതിൽ കണ്ടേക്കാം !) ചിലപ്പോൾ ദൈവത്തി-നായി എരിവുള്ളവർ ആയിരിക്കും, ചിലപ്പോഴൊക്കെ പ്രതിസന്ധികളെ മറി-കടക്കും, ചിലപ്പോഴൊക്കെ ഉന്മേഷത്തോടെ വിശ്വാസം വിളിച്ചുപറയും, മറ്റു-ചിലപ്പോൾ ചുറ്റുമുള്ളവരെ ഒരുപാട് സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യും. അവർ ദൈവത്തെ ആരാധിക്കുന്നവരാണ്, മിക്കപ്പോഴും വചനം കേൾക്കുന്നവരാണ്, സ്നേഹത്തോടെ ഇടപഴകുന്നവരാണ്. എന്നാൽ അവ-രിൽ മിക്കപ്പോഴും വലിയൊരു ശൂന്യത അവശേഷിക്കുന്നുണ്ടാവും. ആ ശൂന്യതയെ അവർ ആർക്കുമുന്പിലും ഏറ്റുപറയുകയില്ല. കൂട്ടായ്മകളിലെ സാക്ഷ്യങ്ങളിലും പ്രാർത്ഥനാവിഷയങ്ങളിലും അവർ ആ ശൂന്യതയെ മറച്ചു-പിടിക്കും. ഏതോ ഒരു അനാവശ്യ ഭയം അവരിൽ പലപ്പോഴും നിഴലിട്ടിട്ടു-ണ്ടാവും. ഇങ്ങനെയുള്ളവർക്കു (നമ്മിൽ ഇവയുണ്ടെങ്കിൽ) എന്തു മറുപടി-

യാണ് വിടുതലായിത്തീരുന്നത് ?

ഇങ്ങനെയുള്ളവർക്കു മറുപടിയല്ല, ചോദ്യമാണ് വിടുതലായിത്തീരുന്നത്! കേൾക്കുമ്പോൾ അതിശയോക്തി അല്പം തോന്നുമെങ്കിലും സത്യം അതുതന്നെയാണ്. അവരുടെ ഹൃദയത്തിൽ എന്തു സൂക്ഷിച്ചിരിക്കുന്നു ? ഈ ചോദ്യത്തിലൂടെ അവർക്കു വിടുതൽ ലഭിക്കും.

ലൂക്കോസ് 12:34
നിങ്ങളുടെനിക്ഷേപം ഉള്ളേടത്തുനിങ്ങളുടെ ഹൃദയവും ഇരിക്കും

ലൂക്കോസ് 12:20-21
20 മൂഢാ, ഈ രാത്രിയിൽനിന്റെ പ്രാണനെനിന്നോടു ചോദിക്കും. പിന്നെ നീഒരുക്കിവെച്ചതു ആർക്കാകുംഎന്നു പറഞ്ഞു.
21 ദൈവവിഷയമായി സമ്പന്നനാകാതെതനിക്കു തന്നേനിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെആകുന്നു.

ദൈവവിഷയമായിസമ്പന്നന്മാരായി നമ്മുടെ ഹൃദയം മാറിയില്ലെങ്കിൽ. ദാരിദ്ര്യം നമ്മുടെ ഹൃദയത്തെ പിടിക്കും. ക്രിസ്തുനിമിത്തം സകലത്തിലും നമ്മുടെഹൃദയം യേശുവിനായി നിറഞ്ഞിരിക്കുമ്പോൾമാത്രമേ അതിനെ ഹൃദയത്തിലെ സമ്പന്നതയെന്നു നമുക്കു വിളിക്കാൻ കഴിയൂ. 'സാക്ഷികളുടെ ഇത്രവലിയ സമൂഹം' (എബ്രായർ 12:1) ദൈവവിഷയമായി സമ്പന്നന്മാരായിത്തീർന്നവരുടെ പട്ടികയുടെ ആദ്യഭാഗം മാത്രമാണ്. ശേഷം ഭാഗം നമുക്കോരോരുത്തർക്കുമായി സ്വർഗ്ഗത്തിൽ മാറ്റിവച്ചിരുന്നു. ഈ സമ്പന്നന്മാരുടെ പട്ടികയിൽ നാം കയറിക്കൂടുവാനാണ് ഈ ഭൂമിയിലെ ജീവിതത്തിൽ നാം ഉത്സാഹിക്കേണ്ടുന്നതും പരിശുദ്ധാത്മാവിനോടൊപ്പം നടക്കേണ്ടുന്നതും.

<u>ആത്മീയ ബോദ്ധ്യങ്ങൾ അഥവാ കാഴ്ചപ്പാടുകൾ</u>
'എനിക്കൊരു മകൻ വേണം' എന്നുള്ള അബ്രഹാമിന്റെ സ്വാഭാവിക ആഗ്രഹത്തെ 'അനേക തലമുറകൾ എനിക്കു ദൈവത്താൽ ലഭിക്കും' എന്ന വിശ്വാസത്തിലേക്കു വളർത്തുന്ന ദൈവപ്രവൃത്തിയുടെ പേരാണ് 'ആത്മീയബോധ്യങ്ങൾ നമ്മിൽ ഉളവാക്കുക എന്നത്.

ഈ ആത്മീയബോധ്യങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ നിലച്ചുപോയിട്ടുള്ളവയല്ല.ഇന്നും ദൈവത്താൽ നമ്മുടെമേൽ ലഭിച്ചുകൊണ്ടിരിക്കുന്നതും കൂട്ടായ്മബന്ധത്താൽ പകരപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. എന്നാൽ അബ്രഹാമിൽ നടന്ന ആ ആത്മീയബോധ്യങ്ങളുടെ പ്രകാശനം നമ്മിൽ പലരിലും ഇന്നു പ്രകടമാവുന്നില്ല. അതു അവിശ്വാസം കൊണ്ടുമാത്രമല്ല നമ്മുടെ ആഗ്രഹങ്ങളുടെ benchmark ലോകം ആയതുകൊണ്ടാണ്. ലോകത്തിലേക്കുനോക്കിയാണ് നാം സകലതും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ അബ്രഹാമോ, ലോകത്തിലേക്കുനോക്കി ആഗ്രഹം തുടങ്ങിയെങ്കിലും മുൻപോട്ടു പോകുംതോറും ദൈവം കൊടുത്ത കാഴ്ചപ്പാടിനൊത്തവണ്ണം സ്വർഗ്ഗത്തിലേക്കും ഉറ്റുനോക്കുവാൻ അബ്രഹാം പരിചയിച്ചു. അതു വാസ്തവത്തിൽ ദൈവത്തിന്റെ ഒരു പാഠശാലയായിരുന്നു. അതിൽ പ്രാവിണ്യം നേടുവാൻ ദൈവം അബ്രഹാമിനെ സഹായിച്ചു.

നാം പലപ്പോഴും ലോകത്തെ നോക്കി കൊതിച്ചുകൊണ്ടിരിക്കുന്നു. ആത്മീയത പുറത്തും ലോകത്തോടുള്ള കൊതി ചുണ്ടിലും ആരുംകാണാതെ നാം സൂക്ഷിക്കുന്നു. ഇതിനെ ഒരു കാലഘട്ടത്തിൽ പരീശന്മാരിൽനിന്നും പൊളിച്ചുകളയുവാൻ യേശു അവരോട് നേരിട്ടു സംസാരിച്ചു. ഇതേകാര്യം പൗലോസ് സഭകളെ ഓർമപ്പെടുത്തിക്കൊണ്ടു എഴുത്തുകൾ എഴുതി. എന്നിട്ടും നമ്മുടെയിടയിൽ നാം ഇത് ഇപ്പോഴും മറച്ചുപിടിച്ചു സൂക്ഷിക്കുന്നു. ജയിക്കാൻ കഴിയാത്ത ഒരു മേഖലയായി ഇതിനെ സൂക്ഷിക്കുന്നത് നമ്മുടെയുള്ളിലെ ജഡത്വമാണ്.

മകൻ എന്ന കൊതി അബ്രഹാമിൽ രൂപപ്പെട്ടത് ചുറ്റുപാടുള്ള ലോകത്തെ നോക്കിയപ്പോൾത്തന്നെയാണ്. എന്നാൽ ആ മകൻ എന്ന കൊതിയെ വഴിതിരിച്ചു വിടുവാൻ ദൈവത്തിനു അബ്രഹാമുമായി ചില ഇടപെടലുകൾ ആവശ്യമായിവന്നു. ഇതാണ് ദൈവീകയിടപെടലിന്റെ ശക്തി. മനുഷ്യനാൽ അസാദ്ധ്യം ദൈവത്താൽ സാദ്ധ്യം.നാമും ഹൃദയത്തിൽനിന്നും ഈ നിമിഷം പ്രാർത്ഥിച്ചാൽ ഇപ്രകാരമൊരു പുതുവഴിയുടെ അനുഭവം നമ്മിലേക്ക് നൽകുവാൻ ദൈവത്തിനുകഴിയും.

എമ്മാവൂസിലേക്കുപോയ ശിഷ്യൻമാരെ യേശു കാണുന്ന അനുഭവം ലൂക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. അവരുടെ കണ്ണുതുറന്നു (ബോദ്ധ്യം നല്കി) അവരുടെ വഴിയെ തിരിച്ചു. യാത്രക്കൊരുങ്ങിയ അവരോടു പ്രാർത്ഥനയ്ക്കായി ഒരുങ്ങുവാൻ യേശു ആവശ്യപ്പെട്ടു.

മുടിയനായ പുത്രന്റെ ജീവിതത്തിലും സുബോധത്തെ ദൈവം അയച്ചപ്പോൾ അവൻ പിതാവിങ്കലേക്കും സ്വന്തഭവനത്തിലേക്കും ഓടി. വഴി തിരിഞ്ഞു, ജീവിതവും.

ഒരു പുതിയ കാൽവയ്പ്പുവയ്ക്കുവാൻ കർത്താവിൽ പ്രത്യാശിച്ചിരിക്കുന്ന പ്രിയപ്പെട്ടവരേ, നിങ്ങളെ ഓരോരുത്തരേയും പുതിയ പ്രവൃത്തികൾക്കും ദൗത്യത്തിനുമായി പുതുവഴിയിലേക്കു തിരിക്കുവാൻ നമ്മുടെ രക്ഷകനായ യേശുകർത്താവ് ആഗ്രഹിക്കുന്നു. കാരണം അവനാണ് നമ്മുടെ വഴിയും സത്യവും ജീവനും. അവൻ നമ്മെ വീണ്ടെടുത്തിരിക്കുന്നതു നശ്വരമായ യാതൊന്നുംകൊണ്ടല്ല, തന്റെ സ്വന്തരക്തത്താലാണ്.

ഈ യാത്രക്കായി നമ്മുടെ കാലുകളെ അവൻ ശുദ്ധിചെയ്തിട്ടുണ്ട്, അവന്റെ വഴിയിൽ സഞ്ചരിക്കുവാൻ അപ്രകാരമാണ് നാം യോഗ്യതനേടിയിരിക്കുന്നത്.

നമ്മുടെ കാലുകളെ അവനുവേണ്ടി ചലിപ്പിക്കുവാൻ നാം തയ്യാറായാൽ യേശുവിനുവേണ്ടി ലോകം ചലിക്കുവാൻ തുടങ്ങും, പരിശുദ്ധാത്മാവിനായി അവർ ദാഹിച്ചുതുടങ്ങും, അവർ കാത്തിരുന്നുപ്രാപിക്കുകയും ചെയ്യും.

യോവേൽ 2: 28-29
28 അതിന്റെ ശേഷമോ, ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൌവനക്കാർ ദർശനങ്ങളെ ദർശിക്കും.
29 ദാസന്മാരുടെ മേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും.

നമ്മുടെ കാൽചുവടുകൾക്കു ദൈവത്തിന്റെ കണ്ണുകളിൽ ഒത്തിരി വിലയുണ്ട്. അത് അബ്രഹാമിന് എണ്ണിക്കൂടാതവണ്ണമുള്ള മണൽത്തരിപോലെയാണ്. അനേകം ജീവിതങ്ങൾ ക്രിസ്തുയേശുവിലൂടെയുള്ള വിടുതലിനായി കാത്തിരിപ്പുണ്ട്. അഭിഷേകത്തോടുകൂടിയുള്ള ഒരു സ്പർശനത്താൽ, ഒരു വാക്കിനാൽ വിടുവിക്കപ്പെടാനുള്ള ജനം കാത്തിരിക്കുന്നു. നുകം തകർക്കുന്ന ദൈവത്തിന്റെ അത്ഭുതകരം ഇന്നും അനേകരിൽ ചലിക്കണം. അവർക്കുനേരെയാണ് നാം നടക്കേണ്ടുന്നത്.

എബ്രായർ 11 :1
വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു.
അതിനാലല്ലോ പൂർവ്വന്മാർക്കു സാക്ഷ്യം ലഭിച്ചതു.

തിരുവചനത്തിൽ പറയുന്ന വിശ്വാസം ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസമാണ്. പക്ഷേ പലപ്പോഴും നമ്മൾ അർത്ഥമാക്കുന്നത് നമ്മുടെ കാര്യങ്ങൾ ഭംഗിയായി നടക്കുവാനായുള്ള ദൈവത്തിലെ വിശ്വാസമാണ്. കാര്യത്തെ നടത്തുന്ന വിശ്വാസം ഭൗതികനേട്ടങ്ങളാലും സുഖങ്ങളാലും നമ്മെ തൃപ്തിപ്പെടുത്തിയേക്കാം എന്നാൽ ക്രിസ്തുവേശുവിങ്കലെ വിശ്വാസത്തിനു പ്രത്യേകതയുണ്ട്. ആ പ്രത്യേകത മേലുദ്ധരിച്ച വാക്യത്തിൽത്തന്നെ നമുക്കു കാണുവാൻ കഴിയും –
"അതിനാലല്ലോ പൂർവ്വന്മാർക്കു സാക്ഷ്യം ലഭിച്ചതു".
മറ്റു പരിഭാഷകൾ ഇതോടുചേർന്നു വായിക്കുന്നതു ഉചിതമെന്നു തോന്നുന്നു. കാരണം ഇവിടെ അർത്ഥമാക്കുന്ന സാക്ഷ്യം എന്താണെന്നതിനെക്കുറിച്ചുള്ള വ്യക്തത മറ്റു പരിഭാഷകളിൽ ഉണ്ട്.

പരിഭാഷ 1
ഇതുമൂലമാണ് പൂർവ്വികന്മാർ അംഗീകാരത്തിന് അർഹരായത്.

പരിഭാഷ 2
ഈ വിശ്വാസത്തിനാണ് പൂർവ്വികർ പ്രശംസിക്കപ്പെട്ടത്

പരിഭാഷ 3
For by it the elders obtained a good testimony.

മേൽപ്പറഞ്ഞ പരിഭാഷകൾ നോക്കിയാൽ നമുക്കു വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്ന ഒരു കാര്യം, ഇവിടെപ്പറയുന്ന പൂർവ്വികരുടെ സാക്ഷ്യം മനുഷ്യനുമുൻപാകെയായിരുന്നില്ല പ്രത്യുത ദൈവത്തിനുമുൻപാകെയായിരുന്നു. ഇതിനർത്ഥം മനുഷ്യന്റെ മുൻപിൽ സാക്ഷ്യമുള്ളൊരു ജീവിതം നമുക്കു ആവശ്യമില്ല എന്നതല്ല, മറിച്ചു, നമ്മുടെ യഥാർത്ഥ സാക്ഷ്യം എല്ലായ്പ്പോഴും നിലനിൽക്കുന്നത് ദൈവത്തിനുമുന്പിൽ മാത്രമാണ്. നിങ്ങളുടെ മുൻപോട്ടുള്ള കാൽചുവടുകൾ ദൈവത്തിനുമുൻപാകെ സാക്ഷ്യമുള്ളതെങ്കിൽ സംശയിക്കേണ്ട നിങ്ങൾ സമ്പന്നരാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആത്മാവിൽ ജീവിക്കുവാൻ ക്രിസ്തുവേശുവിങ്കലെ വിശ്വാസം നമ്മിൽ

വർദ്ധിച്ചേ മതിയാവൂ.

<u>ദൈവത്തിനായിഇന്നു നിങ്ങൾ ശോഭിക്കുന്നുവോ?</u>

ദൈവമക്കളുടെ ശോഭ തുടങ്ങുന്നതു യേശുക്രിസ്തു ഒരുവന്റെ മേൽ വസിച്ചുതുടങ്ങുമ്പോഴാണ്. ആ ശോഭ വർദ്ധിക്കുന്നത് ദൈവത്തോടൊന്നിച്ചു നടക്കുമ്പോഴാണ്. എന്നാൽ ഒരുവന്റെമേൽ ക്രിസ്തുവസിച്ചിട്ടും അവന്റെ ഹൃദയം കഠിനപ്പെട്ടുപോയാൽ അവൻ ആരെയാണ് പഴിക്കേണ്ടുന്നത് ? നമ്മുടെ സ്വതവേയുള്ള ഇഷ്ടം, എത്രയും വേഗം പിശാചിന്റെമേൽ പഴികളെ വയ്ക്കുക എന്നതാണ്. അങ്ങനെ ചെയ്യുമ്പോഴുള്ള ഒരു ഗുണം എന്നു പറയുന്നത്, തന്റെ കുറവുകളെ ആവുന്നിടത്തോളം മറച്ചുപിടിക്കുവാൻ നമുക്കു കഴിയും എന്നതുമാത്രമാണ്. ഓർക്കുക, വിടുതൽ ആവശ്യമായുള്ളതു പിശാചിനല്ല, നമുക്കാണ്.

പിശാചിന്റെ പേരിൽ നമ്മൾ ഇടുന്ന പഴികൾമൂലം പിശാചു ഒരിക്കലും കൂടുതൽ മോശക്കാരനാവുന്നില്ല! കാരണം അവൻ ഭോഷ്കുമാത്രം സംസാരിക്കുന്നവനും ചെയ്യിപ്പിക്കുവാൻ ആഗ്രഹിക്കുന്നവനുമാണ്. അവൻ ആദിമുതൽ എന്നേക്കും മോശക്കാരനാണ്! അതിനാൽ, പിശാചിന്റെപേര് നമ്മുടെ തോൽവിയുടെ ഇടയിൽ തിരുകികയറ്റുന്നതുകൊണ്ടു അവൻ തോറ്റുപോവുകയല്ല മറിച്ചു, നാം തോറ്റുപോവുകയാണ് ചെയ്യുന്നത്. എന്നാൽ നാം മനസ്സിലാക്കേണ്ടുന്ന സത്യം എന്താണ് ? ദൈവത്തിനായി ശോഭിക്കുന്നതിൽനിന്നും നമ്മെ വിലക്കുവാൻ ആർക്കുകഴിയും ? ആർക്കും കഴിയുകയില്ല.

റോമർ 8: 35 -38

35 ക്രിസ്തുവിന്റെസ്നേഹത്തിൽനിന്നു നമ്മെവേർപിരിക്കുന്നതാർ?
കഷ്ടത-യോസങ്കടമോ ഉപദ്രവമോപട്ടിണിയോ നഗ്നതയോആപത്തോ
വാളോ?
36 “നിന്റെ നിമിത്തംഞങ്ങളെ ഇടവിടാതെകൊല്ലുന്നു;
അറുപ്പാനുള്ളആടുകളെപ്പോലെ ഞങ്ങളെഎണ്ണുന്നു”
എന്നുഎഴുതിയിരിക്കുന്നുവല്ലോ.
37 നാമോ നമ്മെസ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയുംപൂർണ്ണജയം
പ്രാപിക്കുന്നു.
38 മരണത്തിന്നോ ജീവന്നോ-ദൂതന്മാർക്കോ
വാഴ്ചകൾക്കോഅധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ-
വരുവാനുള്ളതിന്നോ ഉയരത്തിന്നോആഴത്തിന്നോ മറ്റുയാതൊരു
സൃഷ്ടിക്കോ നമ്മുടെ കർത്താവായയേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നുനമ്മെ വേറുപിരിപ്പാൻകഴികയില്ല എന്നുഞാൻ ഉറെച്ചിരിക്കുന്നു.

ഈ കാലഘട്ടത്തിൽ ആത്മാവിൽ സ്വാതന്ത്രരായവർപോലും താൻ ബന്ധനത്തിന്റെ കൈപ്പിടിയിലാണ് എന്ന് സ്വയം വിശേഷിപ്പിച്ചുകൊണ്ടു കെട്ടിക്കിടക്കുന്നു.

1 യോഹന്നാൻ 5: 19
നാം ദൈവത്തിൽനിന്നുള്ളവർ എന്നു നാം അറിയുന്നു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു.

തർശീശിലേക്കു പോവുന്നതിനുപകരം നിനവെയിലേക്കു പോകുവാൻ യോനാ ബദ്ധപ്പെട്ടിരുന്നുവെങ്കിലോ?

യോനായുടെ യാത്ര എങ്ങനെയുള്ളതാകുമായിരുന്നു? യോനായുടെ വാക്കും പ്രവൃത്തിയും എപ്രകാരമെല്ലാം വ്യത്യാസപ്പെട്ടിരുന്നേനേ ? ദൈവത്തിന്റെ ആഴമേറിയ ശബ്ദം എത്രയധികമായി യോനയ്ക്കു ലഭിക്കുമായിരുന്നു ?

ഉത്തരം നമുക്കു പറയാതെതന്നെ അറിയാം.

ദൈവത്തിൽനിന്നുള്ള ശകാരം മോശമല്ല.കാരണം അപ്പൻ ശിക്ഷിക്കാത്ത മക്കൾ ഇല്ല. എന്നാൽ യോനയ്ക്കുസംഭവിച്ചതു വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു. ദൈവീക ഇഷ്ടത്തോടെ യാത്രതുടങ്ങി, ദൈവത്തിനായി ദേശത്തോട് സംസാരിച്ചും വിടുതൽകണ്ട് ദൈവത്തെസ്തുതിച്ചു മടങ്ങിവരേണ്ടുന്ന യോന പക്ഷേ എല്ലാം വേദനയോടും പിറുപിറുപ്പോടും ചെയ്തു. ആ കാൽചുവടുകളിൽ ദൈവത്തിന്റെ favour യോനയ്ക്കു അനുഭവിക്കാൻ കഴിഞ്ഞില്ല.

ഇതുപോലെ നമ്മുടെ ജീവിതവും ദൈവത്തോടുള്ള ബന്ധവും ഇന്നു നാം പുതുക്കിയാൽ ദൈവത്തെ സകലത്തിലും അനുഭവിക്കുവാൻ നമുക്കു കഴിയും. അന്നു യോനയ്ക്കു കഴിയാതെ പോയത് ഇന്നു നമുക്കു ദൈവകൃപയാൽ കഴിയും.

പ്രവൃത്തികൾ 27:21
അവർ വളരെ പട്ടിണി കിടന്നശേഷം പൌലോസ് അവരുടെ നടുവിൽ നിന്നുകൊണ്ടു പറഞ്ഞതു: പുരുഷന്മാരേ, എന്റെ വാക്കു അനുസരിച്ചു ക്രേത്തയിൽനിന്നു നീക്കാതെയും ഈ കഷ്ട നഷ്ടങ്ങൾ സമ്പാദിക്കാതെയും ഇരിക്കേണ്ടതായിരുന്നു.

നമ്മുടെ ആത്മീയയാത്രയിലെ കഠിനതകളോ സുഖസൗകര്യങ്ങളോ അല്ല യാത്രയുടെ ദൈവയിഷ്ടത്തെ തീരുമാനിക്കുന്നത്. എന്നാൽ ദൈവത്തിന്റെ വഴികളിൽ നാം നടന്നാൽ അത് ഒരുപക്ഷേ തീജ്വാല ആണെങ്കിലും പട്ടുമെത്തയാണെങ്കിലും ദൈവത്തിന്റെ സഖിത്വം നമുക്കു ലഭിക്കും.

സദൃശ്യവാക്യങ്ങൾ 1:33
എന്റെ വാക്കു കേൾക്കുന്നവനോ നിർഭയം വസിക്കയും ദോഷഭയം കൂടാതെ സ്വൈരമായിരിക്കയും ചെയ്യും.

കുറവുകളെ തിരുത്തുക
1 രാജാക്കന്മാർ 6:7
വെട്ടുകുഴിയിൽവെച്ചു തന്നേ കുറവുതീർത്ത കല്ലുകൊണ്ടു ആലയം പണിതതിനാൽ അതു പണിയുന്ന സമയത്തു ചുറ്റിക, മഴു മുതലായ യാതൊരു ഇരിമ്പായുധത്തിന്റെയും ഒച്ച ആലയത്തിങ്കൽ കേൾപ്പാനില്ലായിരുന്നു.

നമ്മുടെ ജീവിതത്തിൽ നാളിതുവരെ പലതും നാം കെട്ടിപ്പടുത്തുയർത്തിക്കഴിഞ്ഞിരിക്കുന്നു. ഇതിൽനിന്നും പലതും മുറിച്ചുമാറ്റുവാൻ പ്രയാസമാണെങ്കിലും അതൊരിക്കലും അസാദ്ധ്യമല്ല! പറഞ്ഞതിന്റെ സാരം എന്തെന്നാൽ, നാളിതുവരെ നമ്മുടെ ക്രിസ്തീയജീവിതത്തിൽ വന്നുപോയ പിഴവുകളെ തിരുത്തുവാൻ ആഗ്രഹിക്കുന്നവർ വളരെ കുറവാണ്. "ഞാൻ ചെയ്യുന്ന സകലവും ശരിയാണ്. ഞാൻ മാത്രമാണ് ശരി" എന്നൊക്കെ വാശിപിടിക്കുവാനാണ് പലരും താല്പര്യപ്പെടുന്നത്. എന്നാൽ ഈ യാത്രയിൽ നമ്മുടെ കർത്താവിന്റെ കൈകളിൽ പിടിച്ചുകൊണ്ടു മുൻപോട്ടു ഒരുപടിവയ്ക്കുവാൻ നമ്മിലെ ചില ശീലക്കേടുകൾ ഉരിഞ്ഞുകളഞ്ഞേതീരൂ.

ഇതിൽ പ്രധാനമാണ് "ഞാൻ / ഞങ്ങൾ പ്രാർത്ഥിച്ചു നേടി" എന്ന വാദം. ഈ വാദം ആർ എങ്ങനെ എപ്പോൾ മുൻപോട്ടുവച്ചു എന്നതിനെക്കുറിച്ചു അറിവില്ല. പുതിയനിയമവുമായി അല്പംപോലും ചേരാത്ത ഈ വാദത്തിനു ആവശ്യക്കാർ അനേകരാണ്. സകലതും ദൈവകൃപയെന്നു നാഴികയ്ക്കു നാല്പതുവട്ടം പറയുന്ന നാം തന്നെയാണ് ഞാൻ / ഞങ്ങൾ പ്രാർത്ഥിച്ചുനേടി എന്ന claim കളുമായി വരുന്നത്.

“മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനം
ശക്തിയും ബലവും എന്നേശുവിനു”

ഇത് പാടാത്ത ക്രിസ്തുവിശ്വാസികൾ കുറവാണ്. അർത്ഥമറിഞ്ഞുപാടുന്നതാണോ അതോ കൂട്ടത്തിൽ അറിയാതെ പാടിപ്പോവുന്നതാണോ എന്ന് ഇപ്പോൾ ഒരല്പം സന്ദേഹം തോന്നുന്നു.

ഈ വരികളുടെ അർത്ഥം ഒരിക്കലെങ്കിലും നാം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ "എന്റെ പ്രാർത്ഥനയാണ് / ഞങ്ങളുടെ പ്രാർത്ഥനയാണ് അതിനു വിടുതലായത്" മുതലായ വിലകുറഞ്ഞ claim കൾ നാം ഉയർത്തുകയില്ലായിരുന്നു. മഹത്വം ദൈവത്തിനെന്നു പാടുമ്പോഴും അതിൽ ഒരല്പമെങ്കിലും ചുരണ്ടി തന്റേതാക്കിമാറ്റുവാൻ മനുഷ്യൻ എന്തിനു മൃഗയുദ്ധം ചെയ്യുന്നു എന്നത് ഇപ്പോഴും ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ്. ദൈവത്തെ അറിയാത്തവനല്ല, മറിച്ചു, അറിയുന്നവരാണ് ഈ ശ്രമങ്ങൾക്കു ചുക്കാൻ പിടിക്കുന്നത് എന്ന് കാണുമ്പോൾ അതിയായ വിഷമവും തോന്നുന്നു.

മറ്റൊരുവനുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം നമ്മെ തിരഞ്ഞെടുത്തത് നാം ദൈവത്തിന്റെ മക്കളായതുകൊണ്ടാണ്. ദൈവം നമ്മളെ പ്രാർത്ഥിക്കുവാനായി വാടകക്കെടുക്കുകയല്ല പ്രത്യുത, നമ്മെ അവന്റെ സ്വന്ത രക്തത്താൽ വീണ്ടെടുത്തശേഷം മക്കളാക്കിത്തീർത്തു. ഈ മക്കളെന്ന പദവിയിൽ നമ്മെ നിറുത്തിക്കൊണ്ടാണ് ദൈവം നമ്മുടെ സഹോദരനോട്/ സഹോദരിയോട് പ്രാർഥിക്കുവാൻ ആവശ്യപ്പെടുന്നത്.

1 യോഹന്നാൻ 5:14
അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു.

പ്രാർത്ഥിക്കുവാനായി നമുക്കു ആത്മഭാരം തന്നവൻ ദൈവമാണ്, അതിനായുള്ള ദാഹവും വിശപ്പും ദൈവകൃപയും സമയവും ആരോഗ്യവും മനസ്സും അങ്ങനെ സകലവും ദൈവം നമുക്കായി നൽകി. അങ്ങനെ, നാം പ്രാർത്ഥിച്ചപ്പോൾ ദൈവം ആ പ്രാർത്ഥനകേട്ടു ഉത്തരം നല്കി. എന്നാൽ അത്, മക്കൾക്ക് അപ്പനോടുള്ള അതിയായ ഇഷ്ടം കൊണ്ടല്ല മറിച്ചു, അപ്പനു മക്കളോടുള്ള സ്നേഹം അതിലും അനേകമടങ്ങു വലതായതുകൊണ്ടാണ്. യോഹന്നാന്റെ ലേഖനത്തിൽ നാം വായിക്കുന്നതുപോലെ

1 യോഹന്നാൻ 4: 9-10
9 ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിന്നു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.
10 നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു.

1 യോഹന്നാൻ 4: 19
അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു.

ഇതിൽനിന്നും നാം എന്താണ് മനസ്സിലാക്കേണ്ടുന്നതു മറ്റൊരുവനുവേണ്ടി പ്രാർത്ഥിക്കുക എന്നത് ഒരു ദൈവീക വ്യവസ്ഥയാണ്. ആ വ്യവസ്ഥ ദൈവ-സ്നേഹത്തിൽമാത്രം വേരൂന്നിയിട്ടുള്ളതായിരിക്കണം.

യാക്കോബ് 5: 14-16
14 നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവന്നു വേണ്ടി പ്രാർത്ഥിക്കട്ടെ.
15 എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവു അവനെ എഴുന്നേല്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും.
16 എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു.

അതുപോലെ, എന്റെ ഭാഗം മാത്രം ശരി എന്ന വാശിയും നമുക്കൊന്നുപേ-ക്ഷിക്കാം. കാരണം സകലത്തിന്റെയും മർമ്മം എന്റെ മുൻപിലല്ല ദൈവ-ത്തിന്റെ മുൻപിലാണ് നഗ്നവും മലർന്നതുമായിയിരിക്കുന്നത്.

സദൃശ്യവാക്യങ്ങൾ 3 : 7-8
7 നിനക്കു തന്നേ നീ ജ്ഞാനിയായ്തോന്നരുതു; യഹോവയെ ഭയപ്പെട്ടു ദോഷം വിട്ടുമാറുക.
8 അതു നിന്റെ നാഭിക്കു ആരോഗ്യവും അസ്ഥികൾക്കു തണുപ്പും ആയിരിക്കും

സദൃശ്യവാക്യങ്ങൾ 25 : 2
കാര്യം മറെച്ചുവെക്കുന്നതു ദൈവത്തിന്റെ മഹത്വം; കാര്യം ആരായുന്നതോ രാജാക്കന്മാരുടെ മഹത്വം.

ദൈവസന്നിധിയിൽനിന്നു പ്രാപിക്കാതെ ദൈവീകമർമ്മങ്ങളെ സ്വന്തബുദ്ധിയാൽ വിലയിരുത്തുവാൻ മനുഷ്യനു വ്യവസ്ഥയില്ല എന്നു സാരം.

മേൽപ്പറഞ്ഞ ചിന്തകളിൽ നമുക്കൊരുരുത്തർക്കും ആവശ്യമായതു ക്രിസ്തുവിൽ പ്രാപിക്കുവാനായി ഒരുങ്ങാം. ഒരുപക്ഷെ, ചില ചിന്തകളെങ്കിലും അല്പം വിലകുറഞ്ഞാതായിപ്പോലും നമുക്കിടയിൽ തോന്നിയേക്കാം എന്നാൽ ആവശ്യമായതു ഏറ്റെടുത്തുപ്രാർത്ഥിക്കുവാൻ മടിക്കരുത്. വെളിപ്പാട് പുസ്തകം ഇങ്ങനെ പറയുന്നു.

വെളിപ്പാട് 3: 7 -22
7 ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ
18 നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കുവാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധിപറയുന്നു.
19 എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക.
20 ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.
21 ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നേ.
22 ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

ദൈവം നമ്മെ ഏവരെയും ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.
-- ജിബി തോമസ്

കുറിപ്പുകൾ : "നല്ല സമയം"

ഏതൊരു ദൈവപൈതലിന്റെയും ജീവിതത്തിൽ ദൈവം വെച്ചിരിക്കുന്ന ഏറ്റവും നല്ല സമയമാണ് "ദൈവത്തിന്റെ സമയം". അതു ദൈവം പ്രവൃത്തിക്കുന്ന സമയം എന്നതിലുപരി, ദൈവപ്രവൃത്തി മനുഷ്യരായ നാം കാണുന്ന സമയമാണ്. ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ നമ്മിൽ വെളിപ്പെടണമെങ്കിൽ ആ സമയത്തിനുവേണ്ടി കാത്തിരിക്കേണം. പലപ്പോഴും ദൈവത്തിന്റെ സമയം വെളിപ്പെടാത്തതിന്റെകാരണം എന്റെ സമയത്തിന് ഞാൻ അമിത പ്രാധാന്യം കൊടുക്കുന്നതുകൊണ്ടാണ്. യോഹന്നാൻ എഴുതിയ സുവിശേഷം 11-ആം അദ്ധ്യായത്തിൽ പിതാവിന്റെ സമയത്തിനായി കാത്തിരിക്കുന്ന യേശുവിനെ കാണാം. താൻ സ്നേഹിച്ച ലാസർ ദീനമായികിടക്കുന്നവിവരം അറിഞ്ഞിട്ടും താൻ എവിടെ ആയിരുന്നോ അവിടെ രണ്ടു ദിവസം കൂടി പാർത്തു.

യോഹന്നാൻ 11 : 6. എന്നിട്ടും അവൻ ദീനമായ്ക്കിടക്കുന്നു എന്നു കേട്ടാറെ താൻ അന്നു ഇരുന്ന സ്ഥലത്തു രണ്ടു ദിവസം പാർത്തു.

ഇങ്ങനെപാർത്തത് യേശുവിനു മാർത്തയോടും മറിയയോടും ലാസറിനോടും സ്നേഹംകുറഞ്ഞിട്ടല്ല,എന്നാൽ, തന്നെ അയച്ച പിതാവിന്റെ സമയത്തിനുവേണ്ടി യേശു കാത്തിരിക്കുകയായിരുന്നു. ആ കാത്തിരിപ്പു ഒരിക്കലും നഷ്ടമല്ലെന്നു യേശു അറിഞ്ഞിരുന്നു. തന്നെ സ്നേഹിക്കുന്ന ആ കുടുംബത്തിനുവേണ്ടി യേശുവിന്റെ കാത്തിരുപ്പിലൂടെ ഒരു വലിയ ദൈവമഹത്വം വെളിപ്പെടുവാനിടവന്നു.

ദൈവം സ്നേഹിക്കുന്ന ഏതൊരാളിന്റെയും ജീവിതത്തിൽ ദൈവത്തിന്റെ സമയം വളരെ വിലപ്പെട്ടതാണ്.ആ സമയത്തിനായുള്ള കാത്തിരിപ്പിന്റെ വില, അതു ദൈവത്തിന്റെ മുൻപിൽ വിലയേറിയതാണ്.ആ കാത്തിരിപ്പിനിടയിൽ ചിലനേരങ്ങളിൽ ദൈവത്തോടു നമുക്കു അസ്വസ്ഥകൾ ഉണ്ടായേക്കാം. പക്ഷെ അതു ഹൃദയകാഠിന്യത്തിലേക്കും പിന്നീട് പ്രാർത്ഥനാജീവിതവും കർത്താവിനോടുള്ള സ്നേഹം കുറയുന്ന അവസ്ഥയിലേക്ക് ആയിത്തീരരുത് , മറിച്ചു, ദൈവത്തോടുതന്നെ നമ്മുടെ പിറുപിറുപ്പുകൾ പങ്കിടുന്ന അവസ്ഥയിലേക്ക് വളർന്നുവരേണം. ഉദാഹരണമായി,

യോഹന്നാൻ 11
3. ആ സഹോദരിമാർ അവന്റെ അടുക്കൽ ആളയച്ചു: കർത്താവേ, നിനക്കു പ്രിയനായവൻ ദീനമായ്ക്കിടക്കുന്നു എന്നു പറയിച്ചു.
20. യേശു വരുന്നു എന്നു കേട്ടിട്ടു മാർത്ത അവനെ എതിരേല്പാൻ ചെന്നു; മറിയയോ വീട്ടിൽ ഇരുന്നു.
28. പോയി തന്റെ സഹോദരിയായ മറിയയെ സ്വകാര്യമായി വിളിച്ചു: ഗുരു വന്നിട്ടുണ്ടു നിന്നെ വിളിക്കുന്നു എന്നു പറഞ്ഞു.
29. അവൾ കേട്ട ഉടനെ എഴുന്നേറ്റു അവന്റെ അടുക്കൽ വന്നു.
30. യേശു അതുവരെ ഗ്രാമത്തിൽ കടക്കാതെ മാർത്ത അവനെ എതിരേറ്റ സ്ഥലത്തു തന്നേ ആയിരുന്നു.
32. യേശു ഇരിക്കുന്നേടത്തു മറിയ എത്തി അവനെ കണ്ടിട്ടു അവന്റെ കാൽക്കൽ വീണു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു എന്നു പറഞ്ഞു.
33. അവൾ കരയുന്നതും അവളോടുകൂടെ വന്ന യെഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ടു ഉള്ളം നൊന്തു കലങ്ങി:
34. അവനെ വെച്ചതു എവിടെ എന്നു ചോദിച്ചു. കർത്താവേ, വന്നു കാൺക എന്നു അവർ അവനോടു പറഞ്ഞു.

ഈ വാക്യങ്ങളിൽ മറിയയ്ക്കു യേശുവിനോടുണ്ടായിരുന്ന emotion എന്താ-യിരുന്നു എന്നു മനസ്സിലാക്കാം. തന്റെ സഹോദരൻ ദീനമായികിടക്കുന്നു-വെന്നു യേശുവിനെ അറിയിച്ചിട്ടും യേശു അവരുടെ അടുക്കൽ വരുവാൻ വൈകിയപ്പോൾ മറിയയുടെ ഉള്ളം കലങ്ങി. യേശു വീട്ടിൽ എത്തിയെന്നു മറിയ അറിഞ്ഞിട്ടും തന്നെ കാണാൻ ആയി പോയില്ല. ഒരുപക്ഷേ മറിയയുടെ ദേഷ്യം എന്ന വികാരമായിരിക്കാം അപ്പോൾ മറിയയെ യേശുവിന്റെ അടുക്കൽ പോകാതെ പിടിച്ചുനിർത്തിയത്. എന്നാൽ മാർത്ത യേശുവിനെ കണ്ടു മടങ്ങി വന്നപ്പോൾ മറിയയെ ഗുരു വിളിക്കുന്നു എന്നു പറഞ്ഞമാത്ര-യിൽത്തന്നെ അവൾ ഓടി യേശുവിന്റെ അടുക്കൽ ചെന്നു.അവൾ ഓടി വന്നു യേശുവിന്റെ കാൽക്കൽവീണ് ആദ്യംപറഞ്ഞതു തന്റെ പരിഭവമാണ് അഥവാ തന്റെ ഹൃദയ വേദനയാണ്. "യേശുവേ നീ ഇവിടെ ഉണ്ടായിരുന്നു-വെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു". മറിയ പറഞ്ഞത് വേറൊരു രീതിയിൽ ചിന്തിച്ചാൽ ഇങ്ങനെ പറയാം "യേശുവേ നിന്റെ അടുക്കൽ ആളയച്ചിട്ടും നീ സമയത്തിന് വരാഞ്ഞതുകൊണ്ടാണ് ഇതു സംഭവിച്ചത്". എന്നാൽ മറിയയുടെ കരച്ചിൽകണ്ടു യേശുവിന്റെ ഉള്ളം കലങ്ങി. മറിയയുടെ സമയമല്ല യേശുവിന്റെ സമയം. രണ്ടുദിവസം യേശു താമസിച്ചു എത്തിയെങ്കിലും അവിടെകൂടിവന്ന അനേകർ യേശുവിനെ

വിശ്വസിക്കുന്ന ദൈവപ്രവൃത്തി അവിടെ നടന്നു. മറിയയുടെ വിശ്വാസവും ദൈവത്തോടുള്ള തന്റെ സ്നേഹവും അവിടെ വർദ്ധിക്കുവാനിടയായി.

ഇന്നു നാം ആഗ്രഹിക്കുന്നതുപോലെ പല വിഷയങ്ങൾക്കും മറുപടി പെട്ടെന്നു ലഭിക്കണമെന്നില്ല. ദൈവത്തിന്റെ സമയത്തിനായ് കാത്തിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുവാൻ പോലും കഴിയാതെ മനസുനൊമ്പരപെടുന്ന അവസ്ഥയിലും നമ്മെ വിളിക്കുന്ന യേശുവിന്റെ അടുക്കൽ ചെന്നു ഒന്ന് ഉള്ളു തുറന്നു സംസാരിക്കുന്ന അനുഭവത്തിലേക്ക് കയറിവരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ .

- ഷെറിൻ ജിബി



ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ.

GOD DOES NOT PATCH UP THE OLD LIFE,
OR MAKE CERTAIN REPAIRS ON THE OLD LIFE;
HE GIVES A NEW LIFE, THROUGH THE NEW BIRTH.

- **KATHRYN KUHLMAN**

I HAVE NEVER KNOWN MORE THAN FIFTEEN MINUTES OF ANXIETY OR FEAR. WHENEVER I FEEL FEARFUL EMOTIONS OVERTAKING ME, I JUST CLOSE MY EYES AND THANK GOD THAT HE IS STILL ON THE THRONE REIGNING OVER EVERYTHING AND I TAKE COMFORT IN HIS CONTROL OVER THE AFFAIRS OF MY LIFE.

- **JOHN WESLEY**

NEARNESS TO GOD BRINGS LIKENESS TO GOD. THE MORE YOU SEE GOD THE MORE OF GOD WILL BE SEEN IN YOU.

- **CHARLES SPURGEON**

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com